രാംലീലയും Vedic Chantry-യും കൂടിയാട്ടവുമാണ് ഇത്തരത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ സാംസ്ക്കാരിക പാരമ്പര്യത്തിൽപ്പെട്ടതാണ് കൂടിയാട്ടം. അതിനോടൊപ്പം ചെട്ടികുളങ്ങര കുംഭ ഭരണി മഹോത്സവത്തെ ഉൾപ്പെടുത്താൻ സർവ്വ നടപടികളും ഈ ഗവൺമെന്റ് കൈക്കൊള്ളും.

(18) മിൽമ ജീവനക്കാർക്ക് പെൻഷനും ക്ഷേമനിധിയും

ശ്രീ. വർക്കല കഹാർ: സർ, സംസ്ഥാനത്തെ ഏറ്റവും വലിയ സഹകരണ പൊതുമേഖലാ സ്ഥാപനമാണ് മിൽമ. 3500-ൽ പരം ജീവനക്കാർക്ക് നാളിതുവരെ പെൻഷനും ക്ഷേമപദ്ധതിയും നടപ്പിലാക്കിയിട്ടില്ല. നിത്യേന 11 ലക്ഷത്തോളം ലിറ്റർ പാൽ സംഭരിച്ച് രാപകലില്ലാതെ സംസ്ക്കരിച്ച് സംസ്ഥാനത്തെ ആശുപത്രികളുൾപ്പെടെയുള്ള ഉപഭോക്താക്കളിലെത്തിക്കുന്ന ഈ ജീവനക്കാർ റിട്ടയർ ചെയ്താൽ ജീവിക്കുവാൻ പോലും നിവൃത്തിയില്ലാത്തവരാണ്. ഇവർക്ക് പെൻഷനും ക്ഷേമനിധിയും നടപ്പിലാക്കുന്നതിനുവേണ്ടി അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, മിൽമയിലെ 3500 ഓളം വരുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളാണ് ബഹുമാനപ്പെട്ട വർക്കല കഹാർ ഉന്നയിച്ചിരിക്കുന്നത്. തൊഴിലാളികളോട് അങ്ങേയ്ക്കുള്ള താൽപര്യം സഭയ്ക്ക് നല്ല ബോധ്യമുള്ളതാണ്. മൂന്ന് വിഷയങ്ങളാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഒന്ന് ശമ്പള പരിഷ്ക്കരണം, രണ്ട്, അവരുടെ ക്ഷേമനിധി, മൂന്ന് അവരുടെ പെൻഷൻ. 1-7-2006-ൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. 2011-ലാണ് അതിന്റെ കാലാവധി അവസാനിക്കുന്നത്. അവസാനിക്കുന്ന മുറയ്ക്ക് വീണ്ടും ശമ്പളപരിഷ്ക്കരണം നടത്താൻവേണ്ടി ഗവൺമെന്റിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ കാര്യം ക്ഷേമനിധിയാണ്. മിൽമയുടെ മുഴുവൻ ജീവനക്കാരും പ്രോവിഡന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടവരാണ്. ആ സ്കീമിൽ ഒരു പെൻഷനുണ്ട്. ഒരു പെൻഷൻ കിട്ടുന്ന ആളിന് രണ്ടാമതൊരു പെൻഷൻ സർക്കാർ മേഖലയിൽ സാധ്യമല്ല. ആ പെൻഷന് അപാകതകളുണ്ടെന്നുള്ളത് ശരിയാണ്. അത് തിരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. മൂന്നാമത്തെ കാര്യം, പെൻഷൻ. പ്രോവിഡന്റ് ഫണ്ടിൽ നിന്ന് വിട്ട് വരാൻ പ്രോവിഡന്റ് ഫണ്ട് അതോറിറ്റി അനുവദിക്കുമെങ്കിൽ പുതിയ പെൻഷൻ സ്കീം ഇവിടെ നടപ്പിലാക്കാൻ കഴിയുന്നതാണ്. ഈ ജീവനക്കാർക്ക് ഇന്ന് പ്രോവിഡന്റ് ഫണ്ടുണ്ട്, ഗ്രാറ്റുവിറ്റിയുണ്ട്, മറ്റ് എല്ലാ ആനുകൂല്യങ്ങളുമുണ്ട്. ശമ്പള പരിഷ്ക്കരണം ഉടനടി നടപ്പിലാക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(19) റാന്നി രാമപുരം ക്ഷേത്രത്തിന്റെ പുനർനിർമ്മാണം

ശ്രീ. രാജു എബ്രഹാം: സർ, ശബരിമല ഇടത്താവളമായ റാന്നി രാമപുരം ക്ഷേത്രം വൻ അഗ്നിബാധയിൽ കത്തിയമർന്നു. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും ദേവസ്വം ബോർഡ് മെമ്പർമാരും അതിൽ അടിയന്തരമായി ഇടപെടുകയും സ്ഥലം സന്ദർശിക്കുകയുമുണ്ടായി. ഈ ക്ഷേത്രം പരിപൂർണ്ണമായും പുനർനിർമ്മിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കു വേണ്ടി ജല വിഭവവകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, റാന്നി രാമപുരം ദേവസ്വത്തിൽ 25-7-2010-ന് രാത്രിയാണ് തീ പിടിത്തമുണ്ടായത്. തിടപ്പള്ളിയിൽനിന്നും പടർന്ന തീ ഷോർട്ട് സർക്യൂട്ട് മൂലമാകാമെന്നാണ് നിഗമനം. തിടപ്പള്ളിയിലെ വിറകിൽ നിന്ന് തീപിടിച്ചതാകാനും സാധ്യതയുണ്ട്. പോലീസ് ഈ കാര്യത്തെ സംബന്ധിച്ച് അന്വേഷിക്കുന്നുണ്ട്. അഗ്നിബാധയെത്തുടർന്ന് തിടപ്പള്ളി കത്തിനശിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ ശ്രീ രാജഗോപാലും ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാരുമുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുള്ളതാണ്. അടിയന്തിരമായ അറ്റകുറ്റപ്പണികൾക്ക് ബോർഡിന്റെ മരാമത്ത് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ പൂർത്തിയാക്കുന്നതാണെന്ന് ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(20) വില്ലേജ്തല കമ്മിറ്റികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, 2007-ലാണ് നെൽവയൽ- നീർത്തട സംരക്ഷണ നിയമം പാസ്സാക്കിയെടുത്തത്. ഇത് നടപ്പാക്കണമെങ്കിൽ പ്രധാനമായും വില്ലേജ് അടിസ്ഥാനത്തിൽ റവന്യൂ ഉദ്യോഗസ്ഥൻ, കൃഷിവകുപ്പ് ഉദ്യോഗസ്ഥൻ, പഞ്ചായത്ത് പ്രസിഡന്റ്, കർഷക പ്രതിനിധികൾ, എന്നിങ്ങനെ 6 പേരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി ഇന്നുവരെ രൂപീകരിച്ചിട്ടില്ല. രൂപീകരിച്ച സ്ഥലത്താണെങ്കിൽ അത് പ്രവർത്തിക്കുന്നില്ല. പഞ്ചായത്തുകളിൽ കരയോട് ചേർന്നുകിടക്കുന്ന ഭൂമിയിൽ 10 സെന്റ് നികത്താനുള്ള അവകാശമേ ഉള്ളൂ. അതിന് പാവപ്പെട്ട പലരും അപേക്ഷ കൊടുത്തിട്ട് നികത്തി കിട്ടുന്നില്ല. പക്ഷേ വെള്ളിയാഴ്ച മുതൽ ആരംഭിക്കുന്ന നികത്തൽ ഞായറാഴ്ചവരെ തുടരുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് ചില ഉദ്യോഗസ്ഥന്മാർ കൂട്ട് നിൽക്കുകയാണ് ചെയ്യുന്നത്. ഇതിൽ ചിലയിടത്ത് പരാതി കൊടുത്തു. നികത്തിയ മണ്ണ് എടുത്തുകൊണ്ട് പോകണം എന്ന് റവന്യൂ അധികാരികൾ നോട്ടീസ് അയയ്ക്കുന്നുണ്ട്. നോട്ടീസ് അയച്ചാൽ വില്ലേജ് അധികാരികൾ പറയുന്നത് ഈ മണ്ണ് എടുക്കാൻ ആവശ്യമായ കാശ് ഞങ്ങളുടെ കയ്യിലില്ല. ഈ മണ്ണ് എവിടെ കൊണ്ടുപോയി ഇടുമെന്നുള്ള കാര്യം ഞങ്ങൾക്കറിയില്ല. ഇതാണ് അവസ്ഥ. ഈ നിയമത്തിന്റെ നൂലാമാലകളിൽ നിന്നുകൊണ്ട് നികത്തൽ കൃത്യമായി നടക്കുകയാണ്. അത് തടയണമെങ്കിൽ വില്ലേജ് അടിസ്ഥാനത്തിൽ അടിയന്തരമായി കമ്മിറ്റി ഉണ്ടാകണം. ഡാറ്റാ ബാങ്ക് ഇതുവരെ ഇവിടെയുണ്ടായിട്ടില്ല. ഉണ്ടായിരുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ അറിവ്. നമ്മൾ ഏകകണ്ഠമായി രാത്രി പന്ത്രണ്ടരയ്ക്ക് പാസ്സാക്കിയ നിയമമാണ്. അപ്പോൾ ഇതിൽ കണിശവും സമയബന്ധിതവുമായ ഒരു തീരുമാനം നടപ്പാക്കണം. നികത്തൽ ഒരുതരത്തിലും അനുവദിക്കൻ പറ്റില്ല. അതുപോലെതന്നെ പാവപ്പെട്ടവരുടെ അപേക്ഷകളിൽ അടിയന്തിരമായി തീർപ്പ് കൽപ്പിച്ചാൽ മാത്രമേ ഇത് സാധ്യമാകൂ. ഈ കാര്യത്തിൽ നടപടിയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly